# കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്

ഫയൽ നം. 1442/ആർ 2/2021/കെ.ഡി.ആർ.ബി 23.09.2025

## കൂട്ടിച്ചേർക്കൽ വിജ്ഞാപനം

വിഷയം :- കൊച്ചിൻ ദേവസ്വം ബോർഡിലെ ക്ലർക്ക്/ദേവസ്വം അസിസ്റ്റന്റ്/ജൂനിയർ ദേവസ്വം ഓഫീസർ (ബൈ ട്രാൻസ്ഫർ) (കാറ്റഗറി നം. 067/2025) തസ്തികയുടെ വിജ്ഞാപനം – കൂട്ടിച്ചേർക്കൽ – സംബന്ധിച്ച്.

സൂചന :- (1) കൊച്ചിൻ ദേവസ്വം ബോർഡിലെ ക്ലർക്ക്/ദേവസ്വം അസിസ്റ്റന്റ്/ജൂനിയർ ദേവസ്വം ഓഫീസർ (ബൈ ട്രാൻസ്ഫർ) (കാറ്റഗറി നം. 067/2025)തസ്തികയിലേയ്ക്ക് കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് 01.09.2025 ന് പ്രസിദ്ധീകരിച്ച വിജ്ഞാപനം

(2) കൊച്ചിൻ ദേവസ്വം ബോർഡിൽ നിന്നുള്ള 28.11.2024 ലെ M.8050/2019 നമ്പർ കത്ത്.

(3) കൊച്ചിൻ ദേവസ്വം ബോർഡിൽ നിന്നുള്ള 17.07.2025 ലെ M.8050/2019 നമ്പർ കത്ത്.

കൊച്ചിൻ ദേവസ്വം ബോർഡിലെ ക്ലർക്ക്/ദേവസ്വം അസിസ്റ്റന്റ്/ജൂനിയർ ദേവസ്വം ഓഫീസർ (ബൈ ട്രാൻസ്ഫർ) (കാറ്റഗറി നം. 067/2025) തസ്തികയിലേയ്ക്ക് സൂചന (1) പ്രകാരം പുറപ്പെടുവിച്ചിരുന്ന വിജ്ഞാപനത്തിലെ ഒഴിവുകൾ സംബന്ധിച്ച വ്യക്തത വരുത്തി താഴെ പറയുന്ന പ്രകാരം ഭേദഗതി ചെയ്തുകൊണ്ട് ഇതിനാൽ വിജ്ഞാപനം പുറപ്പെടുവിക്കുന്നു.

| **ക്ലർക്ക്/ ദേവസ്വം അസിസ്റ്റന്റ്/ ജൂനിയർ ദേവസ്വം ഓഫീസർ (ബൈ ട്രാൻസ്ഫർ) തസ്തികയിലേയ്ക്ക് കൊച്ചിൻ ദേവസ്വം ബോർഡിലെ ക്ഷേത്രജീവനക്കാർ, ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്കായി മാറ്റിവെച്ചിട്ടുള്ള ഒഴിവുകളുടെ വിവരം ചുവടെ ചേർക്കുന്നു** | | |
|---|---|---|
| ക്ഷേത്രജീവനക്കാരുടെ ഗണത്തിൽപ്പെടുന്ന തസ്തികകൾ | ശാന്തി, കഴകം, അടിച്ചുതളി, സംബന്ധി, മാരാർ, കൗണ്ടർ അസിസ്റ്റന്റ് തുടങ്ങിയ തസ്തികകൾ | 4 (നാല്) ഒഴിവുകൾ |

| | | |
|---|---|---|
| ലാസ്റ്റ് ഗ്രേഡ് ഗണത്തിൽപ്പെടുന്ന തസ്തികകൾ | മാസപ്പടി, വാച്ച്മാൻ കം ഓഫീസ് അറ്റൻഡന്റ്, മഹോട്ട് തുടങ്ങിയ തസ്തികകൾ | 8 (എട്ട്) ഒഴിവുകൾ |
| ആകെ ഒഴിവുകൾ | | 12 (പന്ത്രണ്ട്) |

അതാത് തസ്തികയിൽ പ്രൊബേഷൻ കാലാവധി നിശ്ചയിച്ച് നൽകിയിട്ടുള്ള ലാസ്റ്റ് ഗ്രേഡ്/ ക്ഷേത്ര ജീവനക്കാർക്ക് പ്രൊബേഷൻ ഡിക്ലയർ ചെയ്തതിന് ശേഷം മാത്രമേ പ്രസ്തുത തസ്തികയിലേക്ക് അപേക്ഷ സമർപ്പിക്കാവൂ.

കൊച്ചിൻ ദേവസ്വം ബോർഡിലെ സ്ഥിരം ലാസ്റ്റ് ഗ്രേഡ് ജീവനക്കാർ , ക്ഷേത്രജീവനക്കാരിൽ നിന്നും അപേക്ഷ ക്ഷണിച്ച ക്ലർക്ക്/ദേവസ്വം അസിസ്റ്റന്റ്/ജൂനിയർ ദേവസ്വം ഓഫീസർ (ബൈ ട്രാൻസ്ഫർ) (കാറ്റഗറി നം. 067/2025) തസ്തികയുടെ വിജ്ഞാപനത്തിലെ മറ്റ് വ്യവസ്ഥകൾക്ക് യാതൊരു മാറ്റവുമുണ്ടായിരിക്കുന്നതല്ല.

ബോർഡിന്റെ ഉത്തരവിൻ പ്രകാരം

ഒപ്പ്/-
സെക്രട്ടറി
കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്